

TUESDAY 06-12-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Sreekala S Editor : Dr. Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/12/2022.

1. കരകുളം ഗ്രാമപഞ്ചായത്തിന്റെ നാളികേര വികസന പദ്ധതിയുടെ കീഴിൽ തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും ബന്ധിപ്പിക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ രോഗം ബാധിച്ച് ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ച് പിടിപ്പിക്കൽ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി തുടർച്ചയായി മൂന്ന് വർഷം നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം ഇന്ന് (ഡിസംബർ ആറിന്) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വക്കേറ്റ് ജി ആർ അനിലിന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും.

2. 2010 വർഷം മുതൽ ജൈവസാക്ഷ്യ പത്രത്തോടെ പ്രവർത്തിച്ചുവരുന്ന സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആലുവ തുരുത്ത് സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തെ രാജ്യത്തെ തന്നെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം ആയി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുന്നു. ഇതിന്റെ ഭാഗമായി ഈ മാസം പത്തിന് (ഡിസംബർ 10) രാവിലെ 10 മണിക്ക് മുഖ്യമന്ത്രി ഫാം സന്ദർശനവും കാർബൺ ന്യൂട്രൽ ഫലകം അനാച്ഛാദനവും നടത്തുന്നു. തുടർന്ന് 11 മണിക്ക് ആലുവ ടൗൺ ഹാളിൽ വച്ച് ആലുവ ഫാം കാർബൺ ന്യൂട്രൽ ആയി മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിൽ വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യ പ്രഭാഷണം നടത്തും.

3. മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകരെ ആദരിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് **സംസ്ഥാന കർഷക അവാർഡ് 2021 സംസ്ഥാനതല പുരസ്കാര വിതരണം** നാളെ (ഡിസംബർ 07-ന്) വൈകുന്നേരം 3.30-ന് മസ്കറ്റ് ഹോട്ടലിൽ വട്ടിയൂർക്കാവ് എം.എൽ.എ അഡ്വ. വി.കെ പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. മികച്ച ക്ഷീര കർഷകൻ, വാണിജ്യാടിസ്ഥാനത്തിലെ മികച്ച കർഷകൻ, സമ്മിശ്ര കർഷകൻ, വനിതാ കർഷക, യുവകർഷകൻ എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേന്ദ്രസർക്കാരിന്റെ ആസാദികാ അമൃത് മഹോത്സവ് ക്യാമ്പയിന്റെ ഭാഗമായി അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നാലാമത് വിള ഇൻഷുറൻസ് വാരാചരണം ഡിസംബർ ഒന്നു മുതൽ ഏഴ് വരെ ആചരിക്കുന്നതായി കൃഷി ഡയറക്ടർ അറിയിച്ചു. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർക്ക് ഓൺലൈനായും (www.pmfby.gov.in), ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിൻറെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും, നികുതിച്ചീട്ട്/ പാട്ടച്ചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷുർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി / പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. റാബി 2022 ൽ പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി ഡിസംബർ 31 (31/12/2022) ആണ്.

5. റബ്ബർബോർഡ് നടപ്പിലാക്കി വരുന്ന വിവിധ തൊഴിലാളി ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ സ്വന്തം റബ്ബർത്തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കുകൂടി ലഭ്യമാകും. സ്വന്തം പേരിലോ കൂട്ടുടമസ്ഥതയിലോ ജീവിതപങ്കാളിയുടെ പേരിലോ ഒരു ഹെക്ടറിൽ കൂടാതെ വിസ്തൃതിയുള്ളതും റെയിൻഗാർഡുചെയ്തതുമായ റബ്ബർതോട്ടങ്ങളിൽ ഒരു വർഷമായി കുറഞ്ഞത് 100 റബ്ബർ മരങ്ങളെങ്കിലും സ്വയം ടാപ്പുചെയ്തുവരുന്ന കർഷകർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ; ചികിത്സാധനസഹായം, പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം, ഇൻഷ്വറൻസ് പദ്ധതി, വനിതാടാപ്പർമാർക്കുള്ള വിവാഹധനസഹായം, പ്രസവാനുകൂല്യം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങി റബ്ബർബോർഡ് നടപ്പാക്കിവരുന്ന തൊഴിലാളി ക്ഷേമപദ്ധതികളിലേക്കെല്ലാം സ്വന്തം തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കേന്ദ്ര ഓഫീസിലെ ലേബർ വെൽഫെയർ ഡിവിഷനുമായോ 0481 2301231-336 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവകലാശാലയുടെ കണ്ണാറയിലെ വാഴഗവേഷണ കേന്ദ്രത്തിൽ വച്ച് ഡിസംബർ 7,8,9 തീയതികളിൽ **വാഴയിൽ നിന്നുള്ള ഭക്ഷ്യമൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സർട്ടിഫിക്കറ്റോടു കൂടിയ പരിശീലനം** നടത്തുന്നു. മൂന്ന് ദിവസത്തെ പരിശീലന ഫീസ് 3000 രൂപയാണ്. താൽപര്യമുള്ളവർ **8078403142** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാല, വിജ്ഞാനവ്യാപനവിഭാഗത്തിന്റെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയിൽ വെച്ച് **ശുദ്ധജല മത്സ്യകൃഷി** എന്ന വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **0487-2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

8. പയർ, വഴുതന, മുളക് തുടങ്ങിയ വിളകളിൽ നീരൂറ്റി കുടിക്കുന്ന കീടങ്ങളായ മുഞ്ഞ, വെള്ളീച്ച തുടങ്ങിയവയുടെ ആക്രമണം വ്യാപകമായി കണ്ടു വരുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പധിഷ്ഠിത കീടനാശിനിയായ **കെ വി കെ രക്ഷ** 6 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ ഒരാഴ്ച ഇടവേളകളിലായി തളിച്ച് കൊടുക്കാവുന്നതാണ്. **വെർട്ടിസിലിയം** 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 2 ആഴ്ച്ച ഇടവേളയിൽ തളിച്ച് കൊടുക്കുന്നതും ഇവയെ നിയന്ത്രിക്കാൻ സഹായകമാണ്.

9. പയറിൽ പുള്ളിക്കുത്ത് രോഗത്തിന് സാധ്യതയുണ്ട്. പയർ നടുന്നതിനു മുൻപ് തടങ്ങളിൽ കോപ്പർ ഓക്സിക്ലോറൈഡ് നാല് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് ഒഴിച്ചു കൊടുക്കുക.

10. പടവലത്തിൽ മൃദുരോമപ്പൂപ്പ് രോഗത്തിനെതിരെ മാംഗോസെബ് 4ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക